## കേരള സംഗീത നാടക അക്കാദമി

## അഭിനയം - ദീപവിതാനം ശില്പശാല അപേക്ഷ തീയതി ജൂൺ 26 വരെ നീട്ടി

കേരള സംഗീത നാടക അക്കാദമി നാടകരംഗത്തെ പുതിയ പ്രവണതകളെകുറിച്ച് അവബോധം സൃഷ്ടിക്കുന്നതിനായി ജൂലായ് 6 മുതൽ 10 വരെ തൃശൂർ അക്കാദമി ക്യാമ്പസിൽ സംഘടിപ്പിക്കുന്ന അഭിനയം, ദീപവിതാനം ശില്പശാലയ്ക്കുള്ള അപേക്ഷ സ്വീകരിക്കുന്ന തീയതി ജൂൺ 26 വരെ നീട്ടിയതായി അക്കാദമി സെക്രട്ടറി അറിയി.ച്ചു.

50 വയസ്സിന് താഴെയുള്ള 30 വ്യക്തികളെയാണ് ശില്പശാലയിൽ പങ്കെടുപ്പിക്കുക. അഭിനയത്തെക്കുറിച്ച് പ്രബീർ ഗുഹയും ലൈറ്റിംഗിനെക്കുറിച്ച് അനീഷ് വിക്ടറുമാണ് ക്ലാസ്സുകൾ നയിക്കുന്നത്. പങ്കെടുക്കാൻ ആഗ്രഹിക്കുന്നവർ അപേക്ഷയും ബയോഡാറ്റയും, നാടകരംഗത്തെ പരിചയം സൂചിപ്പിക്കുന്ന വിശദമായ കുറിപ്പും സഹിതം **സെക്രട്ടറി, കേരള സംഗീത നാടക അക്കാദമി, തൃശൂർ - 20** എന്ന മേൽവിലാസത്തിലോ, ksnakademi@gmail.com എന്ന ഇ-മെയിലിലൊ അപേക്ഷിക്കേണ്ടതാണ്. ശില്പശാലക്ക് രജിസ്ട്രേഷൻ ഫീസ് ഉണ്ടായിരിക്കുന്നതല്ല എന്ന് സെക്രട്ടറി എൻ.രാധാകൃഷ്ണൻ നായർ അറിയിച്ചു.

**സെക്രട്ടറി.**